©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 17
17th October 2025
1201 കന്നി 31
31st Kanni 1201
1947 ആശ്വിനം 25
25th Aswina 1947

നമ്പർ
No.
3680

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 86/2025/തൊഴിൽ

തിരുവനന്തപുരം, 2025 ഒക്ടോബർ 8
1201 കന്നി 22

എസ്. ആർ. ഒ. നമ്പർ 1203/2025

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (1989-ലെ 19) 6-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ 2022 ഡിസംബർ 28-ാം തീയതിയിലെ സ.ഉ.(അച്ചടി) 115/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ഡിസംബർ 29-ാം തീയതിയിലെ 4420-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 1236/2022 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച കേരള അബ്കാരി തൊഴിലാളി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ശ്രീമതി സന്ധ്യ എസ്.ആർ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്-ന് പകരം ശ്രീമതി ദീപാ ജി. നായർ., ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്-നെ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തുകൊണ്ട് മേൽപ്പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ "III. സർക്കാർ പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, ക്രമനമ്പർ 2-ന് എതിരെയുള്ള ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

" ശ്രീമതി ദീപാ ജി. നായർ.,
ഡെപ്യൂട്ടി സെക്രട്ടറി,
തൊഴിലും നൈപുണ്യവും വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.".

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഷാനവാസ് എസ്.
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2022 ഡിസംബർ 28-ാം തീയതിയിലെ സ.ഉ. (അച്ചടി) 115/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2022 ഡിസംബർ 29-ാം തീയതിയിലെ 4420-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 1236/2022 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുനഃസംഘടിപ്പിച്ച കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ശ്രീമതി സന്ധ്യ എസ്.ആർ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്-ന് പകരം ശ്രീമതി ദീപാ ജി. നായർ., ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്-നെ സർക്കാർ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യുവാനും പ്രസ്തുത ആവശ്യത്തിലേയ്ക്കായി പ്രസ്തുത വിജ്ഞാപനം അനുയോജ്യമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.17 02:09:22 +05:30